പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3280** **21.08.2017-ൽ മറുപടിയ്ക്ക്**

## മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | കാലോചിതമായ മാറ്റങ്ങൾ ഉൾകൊള്ളുവാനായി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചു. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രങ്ങളും, ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങൽ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവത്കരണ പരിപാടികൾ നടപ്പിലാക്കി.<br>ഓവർ സ്പീഡ് മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ, ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി പുതിയ ലൈസൻസ് എടുക്കുന്നവരുടെ ഡ്രൈവിംഗ് നിലവാരം വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതി നടപ്പിലാക്കൽ, എല്ലാ ജില്ലകളിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ചെക്ക് പോസ്റ്റുകളിലെ പെർമിറ്റിനും മറ്റ് ഇതര സേവനങ്ങൾക്കുമായുള്ള പൊതുജനങ്ങളുടെ നീണ്ട നിര കുറയ്ക്കുന്നതിന് വേണ്ടി കൂടുതൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കൽ, പൊതുജന സുരക്ഷ ഉറപ്പ് വരുത്തുന്നതിന് അപകട സാദ്ധ്യതയുള്ള ചരക്കുകൾ വഹിയ്ക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക് |

| | | | |
|---|---|---|---|
| | | | പോസ്റ്റുകളിൽ "ആർ.എഫ്.ഐ.ഡി. സിസ്റ്റം" എന്ന സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, നിലവിലുള്ള സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ സമയപട്ടിക ഡിജിറ്റൈസ് ചെയ്യുവാനും അത് വഴി പൊതു ഗതാഗത സംവിധാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളെ കൂടുതലായി പൊതുഗതാഗത സംവിധാനത്തിലേക്ക് ആകർഷിക്കുന്നതിനും തൻമൂലം ഗതാഗത കുരുക്ക് ലഘൂകരിക്കുന്നതിനും വേണ്ടി ഉള്ള "ഇൻറലിജെന്റ് ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന പദ്ധതി നടപ്പിലാക്കൽ, മോട്ടോർ വാഹന ഓഫീസുകളിലും വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡിലും "പോയിന്റ് ഓഫ് സെയിൽ" മുതലായ ആധുനിക മൊബൈൽ പെയ്മെന്റ് സംവിധാനം നടപ്പിലാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മോട്ടോർ വാഹന വകുപ്പിൽ ഇടനിലക്കാരുടെ ഇടപെടൽ കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് വേണ്ടി കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് ഓഫീസുകളിൽ നിന്നും നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ഫാസ്റ്റ്ട്രാക്ക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ തന്നെ സർക്കാരിലേക്ക് ഒടുക്കേണ്ട ഫീസുകളും പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതികളും ഇ-പേയ്മെന്റ് സംവിധാനം വഴി ഒടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ നിലവിലുണ്ട്. |
| (സി) | പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ